# റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശിവൻകുട്ടിയുടെ തടസ്സവാദം ഇവിടെ അവതരിപ്പിച്ചു കഴിഞ്ഞു. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതോ കോടതിയുടെ സ്റ്റേയുള്ളതോ ആയ കാര്യത്തിൽപോലും ആ വിഷയത്തിന്മേലുള്ള ബിൽ സഭയിൽ പരിഗണിക്കുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് ഇതിനുമുൻപ് നമ്മുടെ സഭയിൽ തന്നെ നിരവധി റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. 10.12.1997-ൽ അബ്കാരി (ഭേദഗതി) ബിൽ സഭയിൽ ചർച്ചയ്ക്കു വന്നപ്പോഴും 4.2.1999-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചപ്പോഴും കോടതിയുടെ സ്റ്റേ നിലവിലുള്ളതിനാൽ ബിൽ അവതരിപ്പിക്കുന്നതിന് തടസ്സവാദം ഉന്നയിക്കപ്പെട്ടു. എങ്കിലും പ്രസ്തുത തടസ്സവാദങ്ങൾ തള്ളി ബിൽ അവതരിപ്പിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിലും 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ സ്റ്റേ ചെയ്യുകയോ റദ്ദാക്കുകയോ ചെയ്തിട്ടില്ലായെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

*****

ശ്രീ. എ. കെ. ശശീന്ദ്രൻ: സഭാ നടപടിക്രമവുമായി ബന്ധപ്പെട്ട കാര്യത്തിന് റൂളിംഗ് നൽകണം.

**റൂളിംഗ്**

മി. സ്പീക്കർ: ബഹുമാന്യരായ എ.കെ ബാലൻ, ഇ. പി. ജയരാജൻ, കെ. സുരേഷ് കുറുപ്പ് എന്നിവർ ഉന്നയിച്ച തടസ്സവാദത്തിൽ അംഗങ്ങൾ പറഞ്ഞത്, 19 (1) (എ) ഭരണഘടനാ വിരുദ്ധമാണ്, അതുകൊണ്ട് അവതരിപ്പിക്കാൻ പാടില്ലെന്നാണ്. അതേസമയം ഭരണഘടനയുടെ അനുച്ഛേദം 19 (2) ൽ ഇത് അനുവദിക്കുന്നുണ്ട്. അതുകൊണ്ട് തടസ്സവാദത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ പ്രകാരമുള്ള അവകാശങ്ങൾ പ്രയോഗിക്കുന്നതിൽ ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നതിനുള്ള നിയമം കൊണ്ടുവരുന്നതിന് ഭരണഘടനയുടെ അനുച്ഛേദം 19 (2)ൽ അനുവദിക്കുന്നുണ്ട്. അതിനാലും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും ബഹുമാനപ്പെട്ട ശ്രീ. എ.കെ. ബാലൻ, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. കെ. സുരേഷ് കുറുപ്പ് എന്നിവർ ഉന്നയിച്ച തടസ്സ വാദങ്ങൾ നിലനിൽക്കുന്നതല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: സ്പീക്കറുടെ റൂളിംഗിന് വോട്ടെടുപ്പ് ഇല്ല. സീനിയറായ

അംഗങ്ങൾക്ക് അക്കാര്യം അറിയാമല്ലോ? സ്പീക്കറുടെ റൂളിംഗിന് വോട്ടിംഗ് ചോദിക്കുന്നത് ശരിയല്ല.